കണ്ണൂരിലെ ക്രമസമാധാന പരിപാലനം

23 (734)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ :

ശ്രീ. വി.സി. കബീർ :

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ, കായിക വിനോദ ങ്ങൾക്കുള്ള അവസരങ്ങളില്ലായ്മ, വിദ്യാഭ്യാസപരമായി പിന്നോക്കാവസ്ഥ മുതലായ സാമൂഹ്യശാസ്ത്രപരമായ കാരണങ്ങൾ, കണ്ണൂരിലെ അക്രമസംഭവ നൈരന്തര്യത്തിനു കാരണമാകുന്നുണ്ടോ എന്നറിയാൻ ഒരു ക്രിമിനോളജി ക്കൽ സർവ്വേ സംഘടിപ്പിക്കുമോ;

(ബി) കണ്ണൂരിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സാംസ്കാരിക നായകൻമാരും ആത്മീയനേതാക്കന്മാരും വനിതാ സംഘടനക ളുടെ പ്രതിനിധികളും രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികളുമടങ്ങിയ ഒരു സമാധാനസമിതി രൂപീകരിക്കുമോ?

ഉത്തരം

(എ)&(ബി) യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മയും വിദ്യാഭ്യാസപ രമായ പിന്നോക്കാവസ്ഥയും മറ്റും കണ്ണൂർ ജില്ലയെ മാത്രം ബാധിക്കുന്ന അവ സ്ഥയല്ല. 6.12.99 ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സർവ്വകക്ഷി സമ്മേളനം സമാധാനം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ എടുത്തി ട്ടുള്ളതും അതിനുശേഷം സ്ഥിതിഗതികൾ നിയന്ത്രണാധീനമായിട്ടുള്ളതുമാ ണ്. കൂടാതെ 6.1.2000-ത്തിൽ ജില്ലാസമാധാന സമ്മേളനം കണ്ണൂർ കളക്ടറേ റ്റിൽ വച്ച് ഒരു മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടി സമാധാനശ്രമങ്ങൾ വിലയി രുത്തുന്നതുമാണ്.

കണ്ണൂർ ജില്ലയിലെ ക്രമസമാധാനം

24 (735)ശ്രീ. കെ.സി. ജോസഫ് :

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ സമാധാനം ഉണ്ടാക്കുന്നതു സംബന്ധിച്ച് 6.12.99-ന് കണ്ണൂർ ജില്ലാ കളക്ടറേറ്റിൽ യോഗം കൂടിയിരുന്നുവോ;

(ബി) അതിൽ അദ്ധ്യക്ഷം വഹിച്ചതാരാണ്;

(സി) പ്രസ്തുത യോഗത്തിൽ ഏതെല്ലാം സംഘടനകളെ പ്രതിനിധീ കരിച്ച് ആരെല്ലാം പങ്കെടുത്തു;

(ഡി) ഈ യോഗത്തിൽ പോലീസ് നടപടിയെ സംബന്ധിച്ച് വിമർശ നങ്ങളുണ്ടായോ;

(ഇ) അത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം ഉണ്ടായി ട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്)പ്രസ്തുത യോഗത്തിന്റെ തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ജി) ഈ തീരുമാനങ്ങളിൽ ഏതെല്ലാം സംഘടനകളെ പ്രതിനിധീക രിച്ച് ആരെല്ലാം ഒപ്പുവച്ചു;

LIBRARY ARCHIVES Kerala Legislative Assembly